**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 236** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ , ശ്രീ ഒ . ആർ. കേളു, ശ്രീ. സി.കെ. ഹരീന്ദ്രൻ , ശ്രീ. സി. കൃഷ്ണൻ** | | **Shri A. K. Balan (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികഗോത്രങ്ങളിലും പട്ടികജാതികളിലും ഉൾപ്പെടുന്നവരുടെ സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | (എ) | പട്ടികഗോത്രങ്ങളിലും പട്ടികജാതികളിലും ഉൾപ്പെടുന്നവർക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം (എ) ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർ ഇടപെടൽ നടത്തിയിരുന്നോ; കോർപ്പറേഷൻ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; കോർപ്പറേഷന് ദേശീയപുരസ്കാരം ലഭിച്ചിട്ടുണ്ടോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുവാൻ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു. മൾട്ടിപർപ്പസ് ലോൺ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിനു 50 ലക്ഷം രൂപവരെ വായ്പ, കുടുംബശ്രീ സ്വയംസഹായ സംഘങ്ങൾക്ക് മൈക്രോ ക്രഡിറ്റ്, കോൺട്രാക്ടർമാർക്കുള്ള വായ്പ, തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 20 ലക്ഷം വരെ വായ്പയും 3 ലക്ഷം വരെ സബ്സിഡിയും, നോർക്കയുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപ സബ്സിഡിയോടെയുള്ള രണ്ട് ലക്ഷം രൂപയുടെ ചെറുകിട വായ്പ, ഇലക്ട്രിക്ക് വാഹനങ്ങൾക്കുള്ള വായ്പ എന്നീ പുതിയ പദ്ധതികൾ ആരംഭിച്ചു. പദ്ധതികളെ സംബന്ധിച്ച് പ്രചരണവും ബോധവത്കരണവും നടത്തുവാൻ "ഒപ്പം' എന്ന പ്രചരണ പരിപാടി ആരംഭിച്ചു. മാത്രമല്ല, കോർപ്പറേഷൻ നാളിതുവരെ നൽകിയ വായ്പയുടെ 42.41%-വും ഈ സർക്കാരിന്റെ കാലത്താണ് നൽകിയത്. വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു. കോർപ്പറേഷന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തിരിച്ചടവും ഈ കാലത്താണുണ്ടായത് . 265.99 കോടി രൂപയാണ് ഈ സർക്കാരിന്റെ കാലത്തെ ലോൺ തിരിച്ചടവ്. വായ്പയുടെ |

| | | | |
|---|---|---|---|
| | | | യഥാസമയമുള്ള വിനിയോഗത്തിലും വായ്പാ തിരിച്ചടവിലുമുള്ള കാര്യക്ഷമത കണക്കിലെടുത്ത് 2016-17 സാമ്പത്തിക വർഷം മുതൽ തുടർച്ചയായി 3 വർഷം മികച്ച ചാനലൈസിംഗ് ഏജൻസിക്കുള്ള ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷന്റെ അവാർഡ് കോർപ്പറേഷന് ലഭിക്കുകയുണ്ടായി. |
| (സി) | നൂറുദിന പദ്ധതിയുടെ ഭാഗമായി പ്രസ്തുത കോർപ്പറേഷൻ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായുള്ള 'ഒപ്പം' പദ്ധതി മുഖേന തൊഴിൽദായക സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടത്തിയ ഇടപെടൽ വഴി കൈവരിച്ച നേട്ടങ്ങൾ അറിയിക്കുമോ? | (സി) | കേരള സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ കൈകോർത്തുകൊണ്ട് "ഒപ്പം" എന്ന പേരിൽ കോർപ്പറേഷൻ വഴി 1661 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം (എ)

## കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

### (എ) പട്ടിക ഗോത്ര വിഭാഗങ്ങളിലും പട്ടികജാതി വിഭാഗങ്ങളിലും ഉൾപ്പെടുന്നവർക്കായി നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ

1. **ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി**

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ചെറിയ ഇടത്തരം സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനു വേണ്ടി വായ്പ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻ കീഴിൽ 3,00,000/- രൂപ വരെ അനുവദിക്കുന്നതാണ്. അതിൽ പരമാവധി 10,000/- രൂപ വരെ അർഹരായവർക്ക് ലഭ്യതക്കനുസരിച്ച് സബ്സിഡി നൽകുന്നതാണ്. പലിശ നിരക്ക് 7% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയാണ്.

2. **വാഹന വായ്പാ പദ്ധതി.**

ഡ്രൈവിംഗ് ലൈസൻസും ബാഡ്ജുമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ ഉപാധി എന്ന നിലയിൽ വാഹനം വാങ്ങുന്നതിന് വായ്പ നൽകുന്ന പദ്ധതിയാണിത്. പരമാവധി പദ്ധതി തുക 10,00,000/- രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 5 ലക്ഷം രൂപ വരെ 7% ഉം അതിനു മുകളിൽ 9% ഉം തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയാണ്.

3. **മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മികച്ച സംരംഭകർക്ക് ചെറുകിട അഥവാ ഇടത്തരം വ്യവസായ വാണിജ്യ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ വായ്പാ സഹായം നൽകുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ് "*മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ*". നിർദ്ദിഷ്ട മേഖലയിൽ തൊഴിൽ പരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള ഊർജ്ജസ്വലരായ സംരംഭകരെ വിജയ സാധ്യതയുള്ള സംരംഭങ്ങളിൽ മുതൽ മുടക്കാൻ പ്രാപ്തരാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയിൻ കീഴിൽ നൽകുന്ന പരമാവധി വായ്പ 50.00 ലക്ഷം രൂപയാണ്. ഇതിൽ 4% ഗുണഭോക്തൃ വിഹിതമാണ്. വായ്പയുടെ പലിശ നിരക്ക് 5.00 ലക്ഷം രൂപ വരെ 7% വും, അതിന് മുകളിൽ 50.00 ലക്ഷം രൂപ വരെ 9% വുമാണ്. വായ്പ 5 വർഷംകൊണ്ട് തിരിച്ചടക്കേണ്ടതാണ്.

4. **"പ്രവാസി പുനഃരധിവാസ വായ്പാ പദ്ധതി"** :-വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരെ പുനഃരധിവസിപ്പിക്കുന്നതിനുള്ള ഈ പദ്ധതിയിൻ കീഴിൽ പരമാവധി 20 ലക്ഷം രൂപയാണ് വായ്പയായി നൽകുന്നത്. അതിൽ പരമാവധി 15% വരെ ക്യാപ്പിറ്റൽ സബ്സിഡിയായി "*നോർക്ക റൂട്ട്സ്*" നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 5 ലക്ഷം രൂപ വരെ 7% ഉം അതിനു

മുകളിൽ 9% ഉം ആണ്. തിരിച്ചടവ് കാലാവധി 5 വർഷവും അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയുമാണ്.

5. <u>സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി</u>

*"സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി"* എന്ന ഈ പദ്ധതിയിൻ കീഴിൽ സാങ്കേതിക വിദ്യയിലും പുതിയ ബിസിനസ് ആശയങ്ങളിലും അധിഷ്ഠിതമായ പട്ടികജാതി പട്ടികവർഗ്ഗ യുവസംരംഭകരുടെ നൂതന സംരംഭങ്ങൾക്കാണ് പ്രാമുഖ്യം നൽകുന്നത്. പരമാവധി പദ്ധതി തുക 50.00 ലക്ഷം രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 7% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. കുടുംബ വാർഷിക വരുമാന പരിധി 25 ലക്ഷം രൂപയാണ്.

6. <u>ഇ-ഓട്ടോ</u>

സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി സൗഹൃദ വികസന പരിപാടികളുടെ ഭാഗമായി കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പുതിയ ഒരു വാഹന വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സാധാരണ ഓട്ടോറിക്ഷയെ അപേക്ഷിച്ച് കൂടുതൽ ഇന്ധനക്ഷമത ഉള്ളതും പരിസ്ഥിതി സൗഹൃദവുമായ **"ഇ-ഓട്ടോ"**, കേരള സർക്കാർ സ്ഥാപനമായ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (KAL) ൽ നിന്നും വാങ്ങുന്നതിന് കോർപ്പറേഷൻ വായ്പ നൽകുന്ന പദ്ധതിയാണിത്. പദ്ധതിയുടെ പരമാവധി തുക 3,09,700/- രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

<u>പട്ടികജാതി വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്കായി നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ</u>

1. <u>പെട്രോളിയം ഡീലർമാർക്കുള്ള വായ്പ</u> :-

പട്ടികജാതിയിൽപ്പെട്ട പെട്രോളിയം ഡീലർമാർക്ക് പ്രവർത്തന മൂലധന വായ്പയായി പരമാവധി 10.00 ലക്ഷം രൂപ നൽകുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം ഈ സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. വായ്പയുടെ പലിശ നിരക്ക് 4% ഉം തിരിച്ചടവ് കാലാവധി 8 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയാണ്.

2. <u>പ്രൊഫഷണൽ സർവ്വീസ് പദ്ധതി.</u>

നിശ്ചിത പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ള (ഡോക്ടർ, എഞ്ചിനീയർ, ചാർട്ടേർഡ് അക്കൗണ്ടന്റ്, ഫാർമസിസ്റ്റ് തുടങ്ങിയ) പട്ടികജാതിയിൽപ്പെട്ട യുവതീ യുവാക്കൾക്ക് സ്വന്തമായി പ്രാക്ടീസ് ചെയ്യുന്നതിനോ സ്വയം തൊഴിൽ ചെയ്യുന്നതിനോ കോർപ്പറേഷൻ പരമാവധി 5.00 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 8% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയാണ്.

3. <u>ലഘു വ്യവസായ യോജന</u>

പട്ടികജാതിയിൽപ്പെട്ട സംരംഭകത്വ ഗുണമുള്ളവർക്ക് അവരുടെ അഭിരുചിക്കും തൊഴിൽപരമായ വൈദഗ്ദ്ധ്യത്തിനുമനുസരിച്ച് വായ്പ നൽകുന്ന പദ്ധതിയാണിത്. ഇതിൻപ്രകാരം വ്യക്തിഗത സംരംഭങ്ങൾക്ക് അവർക്ക് ആവശ്യമായ മേഖലകളിൽ മുതൽ മുടക്കാൻ പദ്ധതിയുടെ വിജയ സാധ്യത അനുസരിച്ച് വായ്പ നൽകുന്നതായിരിക്കും. പരമാവധി പദ്ധതി തുക 4.00 ലക്ഷം രൂപയാണ്. അതിൽ 10.000/ രൂപ വരെ അർഹരായവർക്ക് ഫണ്ടിന്റെ ലഭ്യതക്ക് വിധേയമായി സബ്സിഡി നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

4 <u>മൈക്രോ ക്രെഡിറ്റ് ഫൈനാൻസ് പദ്ധതി</u>

പട്ടികജാതിയിൽപ്പെട്ടവരും സാമ്പത്തികമായി ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളവരുമായ ലഘു സംരംഭകർക്ക് ഏറ്റവും ചുരുങ്ങിയ മുതൽ മുടക്ക് ആവശ്യമുള്ള മേഖലകളിൽ സ്വന്തമായോ കൂട്ടായോ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണിത്. പരമ്പരാഗത തൊഴിൽ മേഖലകൾക്ക് പ്രാമുഖ്യം നൽകുന്നതാണ്. പരമാവധി 60,000/- രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. അതിൽ 10,000/- രൂപ വരെ അർഹരായവർക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കു വിധേയമായി സബ്സിഡി നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്.

5 <u>മഹിളാ സമൃദ്ധി യോജന</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ള ഈ പദ്ധതിയിൻ കീഴിൽ പരമാവധി 60,000/- രൂപ വായ്പ നൽകാവുന്നതാണ്. സ്ത്രീ സംരംഭകർക്ക് അനുയോജ്യമായതും എന്നാൽ കുറഞ്ഞ മുതൽ മുടക്ക് മാത്രം വേണ്ടി വരുന്നതുമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ട് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനും അതുവഴി അവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതിയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. അർഹരായ ഗുണഭോക്താക്കൾക്ക് പരമാവധി 10,000/- രൂപ വരെ ഫണ്ടിന്റെ ലഭ്യതക്കു വിധേയമായി സബ്സിഡി നൽകുന്നതുമാണ്.

6. <u>വനിതാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ)</u> :-

കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യമായി സംസ്ഥാന കുടുംബശ്രീ മിഷനുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് (അയൽ കൂട്ടങ്ങൾക്ക്) ജാമ്യമില്ലാതെ വായ്പ നൽകുന്ന മൈക്രോ ഫിനാൻസ് പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. 5 മുതൽ 10 വരെ അംഗങ്ങൾ ഉൾപ്പെട്ട ഒരു സംഘത്തിന് നൽകുന്ന പരമാവധി തുക 3 ലക്ഷം രൂപയാണ്. പലിശ നിരക്ക് 5% ഉം തിരിച്ചടവ് കാലയളവ് 3 വർഷവുമാണ്. കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയാണ്.

**പട്ടികഗോത്ര വിഭാഗങ്ങളിൽ ഉൾപ്പെടുന്നവർക്കായി നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ**

1. **ആദിവാസി മഹിളാ സശാക്തീകരൺ യോജന**

പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടു കുടി വളരെ കുറഞ്ഞ പലിശ നിരക്കിൽ അവർക്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം വ്യക്തിഗത യൂണിറ്റൊന്നിന് പരമാവധി 2,00,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

2. **പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി.**

പട്ടികവർഗ്ഗത്തിൽപ്പെട്ട സംരംഭകരെ അവർക്കനുയോജ്യമായ മേഖലകളിൽ മുതൽ മുടക്ക് നടത്തി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രാപ്തരാക്കുവാൻ ഉദ്ദേശിച്ചുള്ള പദ്ധതിയാണ് *"പട്ടിക വർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി"*. പദ്ധതിയിൻ കീഴിൽ വിജയ സാദ്ധ്യത പരിശോധിച്ചതിനു ശേഷം പരമാവധി 3,00,000/- രൂപ വരെ വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ബി**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോർപ്പറേഷൻ വായ്പാ വിതരണത്തിലും തിരിച്ചടവിലും ശ്ലാഘനീയമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. വർഷം തിരിച്ചുള്ള നേട്ടം ചുവടെ ചേർക്കുന്നു.

## വായ്പാ വിതരണം (മൊത്തം)

2016-2021 (ഇതുവരെ)

| വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ചെല വഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-2017 | 5031 | 5535.74 |
| 2017-2018 | 4824 | 6249.68 |
| 2018-2019 | 6716 | 9753.22 |
| 2019-2020 | 5294 | 8992.66 |
| 2020-2021 | 1957 | 3225.32 |
| ആകെ | 23822 | 33756.62 |
| മേൽപ്പറഞ്ഞ കാലയളവിൽ 337.57 കോടി രൂപ ചെലവഴിച്ച് 23822 ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾക്കായി വായ്പ നൽകി | | |

## പട്ടികജാതി

## 2016-2021 (ഇതുവരെ)

| വർഷം | പട്ടികജാതി | ചെല വഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-2017 | 4675 | 5169.44 |
| 2017-2018 | 4505 | 5858.97 |
| 2018-2019 | 6240 | 8980.38 |
| 2019-2020 | 4869 | 8299.97 |
| 2020-2021 | 1800 | 2969.52 |

| ആകെ | 22089 | 31278.28 |
|---|---|---|
| മേൽപ്പറഞ്ഞ കാലയളവിൽ **312.78** കോടി രൂപ ചെലവഴിച്ച് **22089** പട്ടികജാതി ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾക്കായി വായ്പ നൽകി | | |

## പട്ടികവർഗ്ഗം

## 2016- 2021 (ഇതുവരെ )

| വർഷം | പട്ടിക വർഗ്ഗം | ചെല വഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2016-2017 | 356 | 366.30 |
| 2017 - 2018 | 319 | 390.71 |
| 2018-2019 | 476 | 772.84 |
| 2019-2020 | 425 | 692.69 |
| 2020-2021 | 157 | 255.80 |
| **ആകെ** | 1733 | 2478.34 |
| മേൽപ്പറഞ്ഞ കാലയളവിൽ **24**.78 കോടി രൂപ ചെലവഴിച്ച് 1733 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾക്കായി വായ്പ നൽകി | | |

പദ്ധതി തിരിച്ചുള്ള നേട്ടം ചുവടെ ചേർക്കുന്നു.

## വായ്പ വിതരണം

**2016-2021 (ഇതുവരെ)**

### പദ്ധതി തിരിച്ചുള്ള നേട്ടം

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച വായ്പാ തുക (ലക്ഷത്തിൽ) |
|---|---|---|
| സ്വയംതൊഴിൽ പദ്ധതികൾ | 10140 | 13,999.06 |
| കൃഷിഭൂമി വായ്പാ പദ്ധതി (5 ലക്ഷം രൂപ വരെ) | 240 | 968.20 |

**ചരിത്ര നേട്ടങ്ങൾ**

- ആരംഭം മുതൽ നാളിതുവരെ കോർപ്പറേഷൻ നൽകിയ വായ്പയുടെ 42.41% വും കഴിഞ്ഞ നാലര വർഷക്കാലയളവിൽ നൽകിയതാണ്.

- കോർപ്പറേഷൻ പുതുതായി ആരംഭിച്ച മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ പദ്ധതിയിൻ കീഴിൽ വയനാട്ടിൽ നിന്നുള്ള മികച്ച സംരംഭകനായ ശ്രീ.സുഗതന് കൽപ്പറ്റ നഗരത്തിൻറെ ഹൃദയഭാഗത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കോർപ്പറേഷൻറെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന വായ്പാതുകയായ 50 ലക്ഷം രൂപ അനുവദിക്കുവാൻ കഴിഞ്ഞു.

**പുതുതായി ആവിഷ്കരിച്ച വായ്പാ പദ്ധതികൾ**

1. **വനിതാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ):-** സംസ്ഥാന കുടുംബശ്രീ മിഷനുമായി സഹകരിച്ചു കൊണ്ട് പട്ടികജാതിയിൽപ്പെട്ട 10 വനിതാ സംരംഭകർ അടങ്ങുന്ന യൂണിറ്റിന് 3 ലക്ഷം രൂപ വരെ വായ്പ ഈ പദ്ധതി പ്രകാരം ലഭിക്കുന്നു. **'ഒപ്പം'** എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് മൂലം കുടുംബശ്രീ വായ്പകൾ വിപുലമായി പ്രചരിപ്പിക്കാനായി. ജാമ്യമില്ലാതെയാണ് ഈ വായ്പ നൽകുന്നത്. ഇതുമൂലം സ്ത്രീ സമൂഹത്തിന്റെ വമ്പിച്ച പങ്കാളിത്തം നേടിയെടുക്കാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്.

2. **വിദേശ തൊഴിൽ വായ്പാ പദ്ധതി** :- വിദേശത്ത് തൊഴിൽ തേടിപ്പോകുന്ന തൊഴിൽ രഹിതരായ പട്ടികജാതിക്കാർക്ക് പരമാവധി 2 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്.

3. **സ്റ്റാർട്ട് അപ് വായ്പാ പദ്ധതി:-** പുതിയ സംരംഭകർ ആരംഭിക്കുന്ന സ്റ്റാർട്ട് അപ് യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയത്തിനനുസൃതമായി സംസ്ഥാനത്തെ പട്ടികവിഭാഗത്തിൽപ്പെട്ട യുവ സംരംഭകരുടെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വം വളർത്തുന്നതിനും വേണ്ടി 50 ലക്ഷം രൂപ വരെ വായ്പ നൽകുന്ന **'സ്റ്റാർട്ട് അപ് വായ്പാ പദ്ധതി'** ആരംഭിച്ചു കഴിഞ്ഞു.

4. **പ്രവാസി പുന:രധിവാസ വായ്പാ പദ്ധതി**:- വിദേശത്തു നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെ പുന:രധിവസിപ്പിക്കുന്നതിന് ഈ പദ്ധതി ആരംഭിച്ചു. പരമാവധി 20 ലക്ഷം രൂപയാണ് വായ്പയായി നൽകുന്നത്. അതിൽ പരമാവധി 15% വരെ ക്യാപ്പിറ്റൽ സബ്സിഡിയായി 'നോർക്ക റൂട്ട്സ്' നൽകുന്നതാണ്.

6 . പട്ടികവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കുള്ള 'ഭവന പുനരുദ്ധാരണ വായ്പാ പദ്ധതി' ആരംഭിച്ചു. പരമാവധി വായ്പാ തുക 5 ലക്ഷം രൂപയാണ്.

7. പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിനായി 'ഞങ്ങളുടെ വീട്' എന്ന പേരിൽ 'ഭവന നിർമ്മാണ വായ്പാ പദ്ധതി' ആരംഭിച്ചിട്ടുണ്ട്. പരമാവധി വായ്പാ തുക 10 ലക്ഷം രൂപയാണ്.

**നിലവിലുള്ള വായ്പകളുടെ തുക വർദ്ധിപ്പിക്കൽ -**

1. **മൾട്ടി പർപ്പസ് വായ്പാ പദ്ധതി** - 10 ലക്ഷം രൂപ വരെ നൽകിയിരുന്ന ഈ പദ്ധതിയുടെ വായ്പാ തുക 50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. സ്വന്തം അഭിരുചിക്കനുസരിച്ച് ആരംഭിക്കുന്ന സ്വയം തൊഴിൽ പദ്ധതി തെരഞ്ഞെടുക്കേണ്ടത് സംരംഭകർ തന്നെയാണ്.

| | | |
|---|---|---|
| വനിതാ ശാക്തീകരണ പദ്ധതി (3 ലക്ഷം രൂപ വരെ) | 2563 | 974.90 |
| വിവാഹ വായ്പാ പദ്ധതി (2.50 ലക്ഷം രൂപ വരെ) | 8208 | 13,199.64 |
| ഭവന വായ്പാ പദ്ധതികൾ (10 ലക്ഷം രൂപ വരെ) | 526 | 1,493.50 |
| വിദ്യാഭ്യാസ വായ്പാ പദ്ധതികൾ (10 ലക്ഷം രൂപ വരെ) | 93 | 174 |
| മറ്റു പദ്ധതികൾ | 2052 | 2947.32 |
| ആകെ | 23822 | 33756.62 |

**വായ്പാ തിരിച്ചടവിലും കോർപ്പറേഷൻ അഭൂതപൂർവ്വമായ നേട്ടമാണ് കൈവരിച്ചത്**

വായ്പ തിരിച്ചടവ്

(പട്ടികജാതി & പട്ടികവർഗ്ഗം)

2016-2021

| വർഷം | വായ്പാ തിരിച്ചടവ് (തുക ലക്ഷത്തിൽ) |
|---|---|
| 2016-2017 | 4,455.39 |
| 2017-2018 | 5,300.12 |
| 2018-2019 | 5,911.62 |
| 2019-2020 | 7,073.78 |
| 2020-2021 | 3,858.25 |
| ആകെ | 26,599.16 |
| **മേൽപ്പറഞ്ഞ കാലയളവിൽ 265.99 കോടി രൂപ വായ്പാ തിരിച്ചടവായി ലഭിച്ചു.** | |

2. **കൃഷിഭൂമി വായ്പാ പദ്ധതി** :-പട്ടികജാതിയിൽപ്പെട്ട ഭൂരഹിത കർഷകത്തൊഴിലാളികളെ ഭൂവുടമകളാക്കുക എന്ന മഹത്തായ ലക്ഷ്യം മുൻ നിർത്തി നടപ്പിലാക്കുന്ന കൃഷിഭൂമി വായ്പാ പദ്ധതി യുടെ വായ്പാ തുക 3 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും വാങ്ങേണ്ട ഭൂമിയുടെ അളവ് 50 സെൻറിൽ നിന്നും 30 സെൻറായി കുറക്കുകയും ചെയ്തു. പരമാവധി 5.00 ലക്ഷം രൂപ വരെ (50,000/- രൂപ സബ്സിഡി ഉൾപ്പെടെ) നൽകുന്നതാണ് ഈ പദ്ധതി.

3. **വാഹന വായ്പാ പദ്ധതി -** - പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ ആവശ്യാർത്ഥം വാഹനങ്ങൾ വാങ്ങുന്നതിനായി നൽകുന്ന പദ്ധതിയുടെ വായ്പാ തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

4. **വിദ്യാഭ്യാസ വായ്പ-** - പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിനായി നൽകുന്ന വിദ്യാഭ്യാസ വായ്പ 2.50 ലക്ഷം രൂപയിൽ നിന്നും 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

**സെക്ഷൻ ഓഫീസർ**